**13-ാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:36** — **06.02.2013-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വാങ്ങണമെന്നുള്ള നിലവിലുള്ള നിർദ്ദേശത്തിന് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിവിധ സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വാങ്ങാതിരിക്കുന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കൊല്ലം മീറ്റർ കമ്പനിയുമായി വൈദ്യുതിബോർഡ് ഉണ്ടാക്കിയിരുന്ന കരാറിന് വിരുദ്ധമായി അവിടെ നിന്നും മീറ്റർ വാങ്ങാതെ സ്വകാര്യ കമ്പനികളിൽ നിന്നും മീറ്റർ വാങ്ങുന്നതിന് ഇടയാക്കിയ കാരണങ്ങൾ അറിയാമോ; എങ്കിൽ വിശദമാക്കുമോ; | (സി) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ മീറ്ററുകളുടെ ഗുണനിലവാരത്തിലുള്ള ചില തകരാറുകൾ കാരണമാണ് വൈദ്യുതി ബോർഡ് മീറ്ററുകൾ വാങ്ങാതിരുന്നത്. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചതു കാരണം മീറ്റർ കമ്പനിയിൽ നിന്നും നിലവിലുള്ള ഓർഡറിന് അനുസൃതമായി തുടർന്നും മീറ്റർ വാങ്ങുന്നതിന് ഇപ്പോൾ ധാരണയായിട്ടുണ്ട്. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുള്ള മീറ്ററുകൾ ഉല്പാദിപ്പിക്കാൻ ഒരു ദീർഘകാല പദ്ധതി ഉണ്ടാക്കി വരുന്നു. |
| (ഡി) മെഡിക്കൽ കോർപ്പറേഷന് ആവശ്യമായ മരുന്നുകൾ ആലപ്പുഴയിലെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; നിലവിൽ മരുന്ന് കോർപ്പറേഷൻ വാങ്ങുന്നുണ്ടോ; | (ഡി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന (പ്രത്യേകിച്ച് 49 ഇനം മരുന്നുകൾ) കേരള മെഡിക്കൽ സർവ്വീസ് |

കോർപ്പറേഷന് ആവശ്യമുള്ളതാണ്. മുൻ വർഷത്തെ അപേക്ഷിച്ച് വളരെ തുച്ഛ മായ തുകയ്ക്കുള്ള മരുന്നുകളാണ് വാങ്ങുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 30% തുകയ്ക്കുള്ള മരുന്നുകളാണ് ഈ വർഷം വാങ്ങിയിട്ടുള്ളത്. കൂടുതൽ മരുന്നുകൾ വാങ്ങുന്നതിനും, മരുന്നുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇത്തരത്തിൽ ഉല്പന്നങ്ങൾ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതിരിക്കുന്നത് കൊണ്ട് ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രതിസന്ധി നേരിടുന്ന തെന്ന് വ്യക്തമാക്കാമോ ?

(ഇ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ഉല്പാ ദനക്ഷമത അനുസരിച്ച് മതിയായ തുകയ്ക്കുള്ള മരുന്നുകൾ വാങ്ങാതിരി ക്കുന്നത് കൊണ്ട് ടി സ്ഥാപനം പ്രതിസന്ധി നേരിടുന്നു. വൈദ്യുതി ബോർഡ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും 2012 ജനുവരി മുതൽ മീറ്ററുകൾ വാങ്ങാത്തതു കൊണ്ട് ഈ സ്ഥാപനം ഇപ്പോൾ പ്രതിസന്ധി നേരിടുന്നു. ഉല്പന്നങ്ങൾ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വാങ്ങാതിരിക്കുന്നതു കൊണ്ട് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ഭാഗികമായ പ്രതിസന്ധി നേരിടുന്നുണ്ട്.

സെക്ഷൻ ഓഫീസർ